# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5472** **15-03-2023 - ൽ മറുപടിയ്ക്ക്**

## സർക്കാർ ജീവനക്കാരുടെ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി. ബസ്സ്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ യാത്രയ്ക്കായി ഓഫീസ് ബസ്സ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ബസ് വിട്ട് നൽകുവാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകുമോ; എങ്കിൽ വിശദമാക്കാമോ; | (എ) | സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ യാത്രയ്ക്കായി ഓഫീസ് ബസ്സ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പ്രത്യേക നിരക്കിൽ ബസ്സുകൾ ക്രമീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>കോവിഡ് സാഹചര്യത്തിന് ശേഷം പ്രായോഗികമായ രീതിയിൽ സർക്കാർ ജീവനക്കാർക്കായി ബസ് ഓൺ ഡിമാൻഡ് (BOND) പദ്ധതി മറ്റ് സാധാരണ ജനങ്ങൾക്ക് കൂടി ഗുണകരമാകുന്ന വിധത്തിൽ ആകർഷകമാക്കി പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ എ.സി. ബസ്സുകൾ പൂർണ്ണമായ സീറ്റിംഗ് കപ്പാസിറ്റി ലഭ്യമാകുകയാണെങ്കിൽ ബോണ്ട് സർവ്വീസിനായി തന്നെ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇങ്ങനെ കെ.എസ്.ആർ.ടി.സി.യുടെ ബസ് ലഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബസ് ഓൺ ഡിമാൻഡ് സർവ്വീസ് ആവശ്യപ്പെട്ട് പ്രത്യേക അപേക്ഷ നൽകി നിശ്ചയിച്ചിട്ടുള്ള നിരക്ക് മുൻകൂട്ടി ഒടുക്കുന്ന മുറയ്ക്ക് പ്രത്യേക എ.സി. ബസ് അനുവദിച്ച് നൽകുന്നതാണ്.<br><br>പൂർണ്ണമായും സീറ്റിംഗ് കപ്പാസിറ്റിയിലുള്ള യാത്രക്കാർ മുൻകൂറായി ആവശ്യപ്പെടുന്ന പക്ഷം ആകർഷകമായ നിരക്കിൽ എ.സി. ബസ്സുകൾ ബോണ്ട് സർവ്വീസുകൾക്കായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമായിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിച്ച് ബസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ യാത്രക്കാർ കുറവായതിനാൽ പ്രത്യേക ബോണ്ട് സർവ്വീസുകൾ മിക്കവയും നിന്നുപോവുകയാണുണ്ടായത്. |
| (സി) | നിലവിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഇങ്ങനെ കെ.എസ്.ആർ.ടി.സി. ബസ് വിട്ട് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ KMML, NIPMR എന്നീ സ്ഥാപനങ്ങൾക്ക് പ്രതിമാസ വാടക അടിസ്ഥാനത്തിൽ ബസ് അനുവദിച്ച |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ആയത് ഇപ്പോഴും സർവ്വീസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ